# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 18.04.2025** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. വഖഫ് ഭേദഗതി നിയമത്തിൽ അടുത്ത വാദം കേൾക്കുന്നതു വരെ കേന്ദ്ര വഖഫ് കൗൺസിലിലേക്കോ സംസ്ഥാന വഖഫ് ബോർഡുകളിലേക്കോ പുതിയ നിയമനങ്ങൾ നടത്തില്ലെന്ന് കേന്ദ്രം സുപ്രീം കോടതിയിൽ.

   **Union government's assured the Supreme Court that no fresh appointments will be made to waqf boards or the Central Waqf Council under the Waqf (Amendment) Act, 2025, until the next hearing.**

2. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം അടുത്ത മാസം രണ്ടിന് പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിന് സമർപ്പിക്കും.

   **Prime Minister Narendra Modi will dedicate the Vizhinjam International Port to the nation on the 2nd of next month.**

3. യേശുക്രിസ്തുവിൻറെ കുരിശുമരണത്തിൻറെ ഓർമ്മപുതുക്കി ക്രൈസ്തവർ ഇന്ന് ദുഃഖവെള്ളി ആചരിക്കുന്നു.

   **Christians are observing Good Friday today, commemorating the crucifixion of Jesus Christ.**

4. സാങ്കേതിക വിദ്യയുടെ സഹായത്തോടെ നേരിട്ടുള്ള ആനുകൂല്യ കൈമാറ്റത്തിൽ നിർണായക മാറ്റങ്ങൾ കൊണ്ടുവന്നതായി കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ.

   **Union Minister Piyush Goyal said that significant changes have been made in Direct benefit transfers with the help of technology.**

5. സാംസ്കാരികവും പ്രകൃതിദത്തവുമായ പൈതൃകത്തെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തിലൂന്നി ഇന്ന് ലോക പൈതൃക ദിനം.

World Heritage Day is being observed today, with the aim of preserving cultural and natural heritage.

6. ഐപിഎൽ ടി20 ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് സൺറൈസേഴ്സ് ഹൈദരാബാദിനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി.

In IPL T20 Cricket, Mumbai Indians defeated Sunrisers Hyderabad by four wickets.

&&&&&&&&&&&&&&&&&&

## HEAD LINE – 1

## EVE - SC - WAQF

2025 ലെ വഖഫ് ഭേദഗതി നിയമത്തിൻറെ ഭരണഘടനാ സാധുതയെ ചോദ്യം ചെയ്യും സ്റ്റേ ആവശ്യം ഉന്നയിച്ചുമുള്ള ഹർജികളിൽ ഏഴു ദിവസത്തിനുള്ളിൽ കേന്ദ്ര സർക്കാർ നിലപാട് അറിയിക്കണമെന്ന് സുപ്രീം കോടതി. വഖഫ് നിയമപ്രകാരം കേന്ദ്ര വഖഫ് കൗൺസിലിലേക്കോ സംസ്ഥാന വഖഫ് ബോർഡുകളിലേക്കോ അടുത്ത വാദം കേൾക്കുന്നതു വരെ പുതിയ നിയമനങ്ങൾ നടത്തില്ലെന്ന് കേന്ദ്രത്തിനു വേണ്ടി സോളിസിറ്റർ ജനറൽ തുഷാർ മേത്ത ഉറപ്പു നൽകി. രജിസ്റ്റർ ചെയ്തതോ, വിജ്ഞാപനം വഴി വഖഫ് ആയി പ്രഖ്യാപിച്ചതോ ഉൾപ്പെടെയുള്ള ഒരു വഖഫ് സ്വത്തും ഈ കാലയളവിൽ ഡീ-നോട്ടിഫൈ ചെയ്യില്ലെന്നും കേന്ദ്രം സുപ്രീം കോടതിയെ അറിയിച്ചു. മെയ് 5-നാണ് ഇനി കേസ് പരിഗണിക്കുക. ഹർജികളുടെ എണ്ണം കൂടുതലായതിനാൽ, അഞ്ച് പ്രധാന കേസുകളാകും മെയ് അഞ്ചിന് പരിഗണിക്കുകയെന്ന് കോടതി വ്യക്തമാക്കി. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, ജസ്റ്റിസുമാരായ സഞ്ജയ് കുമാർ, കെ.വി. വിശ്വനാഥൻ എന്നിവരടങ്ങുന്ന മൂന്നംഗ ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്.

&&&&&&&&&&&&&&&&&&

## VP - SUPREME COURT

ബില്ലുകളിൽ തീരുമാനമെടുക്കാൻ രാഷ്ട്രപതിക്ക് സമയപരിധി നിശ്ചയിച്ച സുപ്രീം കോടതിയുടെ സമീപകാല വിധിയെ ചോദ്യം ചെയ്ത് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ന്യൂഡൽഹിയിൽ

രാജ്യസഭാ ഇൻറേണുകളുടെ ആറാം ബാച്ചിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ രാഷ്ട്രപതിയോട് കോടതിക്ക് നിർദ്ദേശിക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## GOYAL - DBT

നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം നിർണായക മാറ്റങ്ങൾ കൊണ്ടുവന്നതായി കേന്ദ്ര വാണിജ്യ- വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. കൂടുതൽ പേരിലേക്ക് ആനുകൂല്യങ്ങൾ എത്തിക്കുന്നതിനും ആനുകൂല്യ കൈമാറ്റത്തിലെ വിടവുകൾ നികത്തുന്നതിനും സാങ്കേതിക വിദ്യ അധിഷ്ഠിതമായ പരിഷ്കരണങ്ങളിലൂടെ സാധിച്ചതായും കേന്ദ്രമന്ത്രി പറഞ്ഞു. മേഖലയിൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇന്ത്യയുടെ വെൽഫെയർ എഫിഷ്യൻസി ഇൻഡക്സ് 0.32 ൽ നിന്ന് 0.91 ആയി ഉയർന്നതായും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## MUMBAI - SITHARAM INTRO

ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ സാങ്കേതിക പുരോഗതിയെയും ഇന്ത്യയുടെ സാമ്പത്തിക വികസനത്തിലെ അതിന്റെ നിർണായക പങ്കിനെയും പ്രശംസിച്ച് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ഏഷ്യയിലെ ഏറ്റവും പഴക്കം ചെന്ന ഓഹരി വിപണിയായ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ 150-ാാം വാർഷികാഘോഷവേളയിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു ധനമന്ത്രി. ലോകത്തിലെ ഏറ്റവും മികച്ച ഓഹരി വിപണികളിൽ ഒന്നായി ബിഎസ്ഇ മാറിയെന്നും ധനമന്ത്രി പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&

## HEAD LINE – 2

## VIZHINJAM - PM

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം അടുത്ത മാസം 2 ന് പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിന് സമർപ്പിക്കുമെന്ന്

തുറമുഖവകുപ്പ് മന്ത്രി വി.എൻ. വാസവൻ അറിയിച്ചു. ഇത് സംബന്ധിച്ച അറിയിപ്പ് പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് ലഭിച്ചതായും മന്ത്രി പറഞ്ഞു. 2024 ജൂലൈ 13 മുതലാണ് വിഴിഞ്ഞം തുറമുഖത്ത് ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ വന്നു തുടങ്ങിയത്.

&&&&&&&&&&&&&&&&&&

## RANDHIR JAISWAL (INTRO)

കൈലാസ് മാനസരോവർ യാത്ര ഉടൻ പുനരാരംഭിച്ചേക്കുമെന്ന് വിദേശകാര്യമന്ത്രാലയം. ഇതു സംബന്ധിച്ച് ഉടൻ നോട്ടീസ് പുറപ്പെടുവിക്കുമെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ മാധ്യമ പ്രവർത്തകരോട് പറഞ്ഞു. ഇന്ത്യ- ചൈന വിമാനയാത്ര സേവനം പുനരാരംഭിക്കാൻ തീരുമാനമായതായും അദ്ദേഹം വ്യക്തമാക്കി.

**(ഹോൾഡ് വോയ്സ്........)**

തഹാവൂർ റാണയെ ഇന്ത്യയിലെത്തിച്ച പശ്ചാത്തലത്തിൽ മുംബൈ ഭീകരാക്രമണത്തിന് പിന്നൽ പ്രവർത്തിച്ചവർക്ക് എതിരെ പാകിസ്ഥാൻ നടപടി എടുക്കണമെന്നും ഇന്ത്യ ആവശ്യപ്പെട്ടു. സാമ്പത്തികത്തട്ടിപ്പ് കേസിൽ പ്രതി മെഹുൽ ചോക്സിയെ ഇന്ത്യയിലെത്തിക്കാൻ ബെൽജിയവുമായി ചർച്ച നടക്കുന്നതായും രൺധീർ ജയ്സ്വാൾ അറിയിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## GOOD FRIDAY

യേശുക്രിസ്തു കുരിശുമരണം വരിച്ചതിൻറെ ഓർമ്മപുതുക്കി ഇന്ന് ക്രൈസ്തവർ ദുഃഖവെള്ളി ആചരിക്കും. പള്ളികളിൽ ഇന്ന് പ്രത്യേക പ്രാർത്ഥനകളും കുരിശിൻറെ വഴിയും നടക്കും. നാളെ രാത്രിയോടെ ദേവാലയങ്ങളിൽ ഉയിർപ്പു തിരുന്നാളിനുള്ള ശുശ്രൂഷകൾ ആരംഭിക്കും. ഈസ്റ്റർ ദിനമായ ഞായറാഴ്ചയും പ്രത്യേക കുർബാനയും പ്രാർത്ഥനകളും ഉണ്ടായിരിക്കും.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## WORLD HERITAGE DAY

ഇന്ന് ലോക പൈതൃക ദിനം. അന്താരാഷ്ട്ര സ്മാരകങ്ങളുടെയും സ്ഥലങ്ങളുടെയും ദിനം എന്നും ഇത് അറിയപ്പെടുന്നു. ദുരന്തങ്ങളിൽ നിന്നും സംഘർഷങ്ങളിൽ നിന്നും ഭീഷണി നേരിടുന്ന പൈതൃകം എന്നതാണ് ഈ വർഷത്തെ പ്രമേയം. സാംസ്കാരികവും പ്രകൃതിദത്തവുമായ പൈതൃകത്തെ സംരക്ഷിക്കുന്നതിനും അറിയുന്നതിനുമാണ് എല്ലാ വർഷവും ഏപ്രിൽ 18 ന് പൈതൃക ദിനം ആചരിക്കുന്നത്. ഇന്ന് രാജ്യത്തുടനീളമുള്ള എല്ലാ സംരക്ഷിത സ്മാരകങ്ങളിലും പ്രവേശനം സൗജന്യമായിരിക്കുമെന്ന് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ അറിയിച്ചു.

&&&&&&&&&&&&&&&&&&

## WB- VIOLENCE

പശ്ചിമബംഗാളിലെ മുർഷിദാബാദിൽ സംഘർഷങ്ങളെ തുടർന്ന് വീടുപേക്ഷിച്ച് പോയവരുടെ പുനരധിവാസം സംബന്ധിച്ച് തീരുമാനമെടുക്കാൻ മൂന്നംഗ സംഘത്തെ നിയോഗിക്കാൻ കൽക്കത്ത കോടതി നിർദേശം നൽകി. പ്രദേശത്ത് CAPF നെ വിന്യസിച്ചിരിക്കുന്നത് തുടരാനും ഹൈക്കോടതി ഉത്തരവ്. അക്രമസംഭവം, ദേശീയ അന്വേഷണ ഏജൻസി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് നൽകിയ ഹർജി ഡിവിഷൻ ബെഞ്ച് തള്ളി. അതേസമയം ആവശ്യമെങ്കിൽ കേന്ദ്ര സർക്കരിന് സ്വമേധയാ എൻഐഎ അന്വേഷണം പ്രഖ്യാപിക്കാമെന്നും കോടതി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## PATHANAMTHITTA (INTRO)

18 ദിവസത്തെ ദർശനകാലം പൂർത്തിയാക്കി ശബരിമല നട ഇന്ന് രാത്രി 10 ന് അടയ്ക്കും. സന്നിധാനത്ത്, പുതിയ ഭസ്മക്കുളത്തിൻ്റെ നിർമ്മാണ ഉത്ഘാടനം ഇന്ന് ദേവസ്വം ബോർഡ് പ്രസിഡൻ്റും തന്ത്രിയും ചേർന്ന് നിർവ്വഹിക്കും. **വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ.....** (വോയ്സ്)

&&&&&&&&&&&&&&&&&&

## HEAD LINE – 6

## IPL T 20 CRICKET

ഐപിഎൽ ടി20 ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസ് സൺറൈസേഴ്സ് ഹൈദരാബാദിനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി. 163 റൺസ് വിജയലക്ഷ്യം പിന്തുടർന്ന മുംബൈ 18.1 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു.

ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു പഞ്ചാബ് കിംഗ്സിനെ നേരിടും. ബെംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിൽ വൈകുന്നേരം 7:30 നാണ് മത്സരം.

&&&&&&&&&&&&&&&&&&

## TRUMP– ITALIAN PM TARIFFS

അമേരിക്ക- യൂറോപ് വ്യാപാര ചർച്ചകളിൽ പ്രത്യാശ പ്രകടിപ്പിച്ച് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപും ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോനിയും. കരാർ 100 ശതമാനവും സുതാര്യമായിരിക്കുമെന്ന് അമേരിക്കൻ പ്രസിഡൻറ് വ്യക്തമാക്കി. ചർച്ചയിൽ തീരുമാനമായാൽ മേഖലയെ അഭിവൃത്തിപ്പെടുത്തുക എന്ന തൻറെ ലക്ഷ്യം സാക്ഷാത്കരിക്കാൻ സാധിക്കുമെന്ന് ഇറ്റാലിയൻ പ്രധാനമന്ത്രി പറഞ്ഞു. പ്രതിരോധം, കുടിയേറ്റം, നികുതി എന്നിവ സംബന്ധിച്ച് ചർച്ച നടത്തുമെന്നും സംയുക്ത പത്രസമ്മേളനത്തിൽ ഇരു നേതാക്കളും അറിയിച്ചു.

&&&&&&&&&&&&&&&&&&

## US – IRAN NUCLEAR TALKS

നാളെ റോമിൽ നടക്കുന്ന അമേരിക്ക- ഇറാൻ രണ്ടാംവട്ട ആണവചർച്ചകൾക്ക് മധ്യസ്ഥത വഹിക്കുമെന്ന് ഒമാൻ വിദേശകാര്യ മന്ത്രാലയം അറിയിച്ചു. നീതിയും സുസ്ഥിരതയും ഉറപ്പാക്കാൻ ചർച്ച സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നതായി മന്ത്രാലയം വ്യക്തമാക്കി. ചർച്ചകൾക്ക് വേദി ഒരുക്കിയതിന് ഇറ്റാലിയൻ സർക്കാരിന് നന്ദി അറിയിക്കുന്നകതായും മന്ത്രാലയം പറഞ്ഞു.

&&&&&&&&&&&&&&&&&&

## CM - ENTE KERALAM

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ സംസ്ഥാനതല ഉത്ഘാടനം ഈ മാസം 21 ന് മുഖ്യമന്ത്രി പിണറായി വിജയൻ കാസർഗോഡ് നിർവഹിക്കും. എന്റെ കേരളം പ്രദർശന വിപണന മേളയുടെയും ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും. ഈ മാസം 21 മുതൽ മെയ് 30 വരെ വിപുലമായ പരിപാടികളോടെയാണ് വാർഷികാഘോഷം സംഘടിപ്പിക്കുന്നത്. വാർഷികാഘോഷ പരിപാടിയുടെ സമാപനം തിരുവനന്തപുരത്തു നടക്കും.

&&&&&&&&&&&&&&&&&&&

## ED-ROBERT VADRA

ഹരിയാനയിലെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധിയുടെ ഭർത്താവ് റോബർട്ട് വാദ്രയെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഇന്നലയും ചോദ്യം ചെയ്തു. തുടർച്ചയായ മൂന്നാം ദിവസമാണ് ഇ ഡി അദ്ദേഹത്തെ ചോദ്യം ചെയ്യുന്നത്. അതേ സമയം, നാഷണൽ ഹെറാൾഡ് കേസിൽ മുതിർന്ന കോൺഗ്രസ് നേതാക്കളായ സോണിയാഗാന്ധിക്കും രാഹുൽ ഗാന്ധിക്കുമെതിരെ ഇ.ഡി കുറ്റപത്രം സമർപ്പിച്ചത്, സംഭവത്തിൽ അഴിമതി നടന്നതായി വ്യക്തമായതുകൊണ്ടാണെന്ന് ബിജെപി ആരോപിച്ചു.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&